59

# ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ

## (19:10, 20- 41; 20:1)

ഒരു ഉപദേഷ്ടാവ് ഇടവകയെ ഉത്തേജിപ്പിക്കയായിരുന്നു. അദ്ദേഹം പറഞ്ഞു, "സഹോദരന്മാരേ, ഈ സഭ ആരംഭിച്ചിട്ട് വളരെ നാളുകൾ ആയിരിക്കുന്നു. നാം ആരംഭിച്ചപ്പോൾ, നമുക്ക് കഷ്ടിച്ച് ഇഴയുവാനേ കഴിഞ്ഞിരുന്നുള്ളു, ഇപ്പോൾ നമുക്കു നടക്കാം." കെട്ടിടത്തിന്റെ പുറകിൽ നിന്ന് ആരോ പറഞ്ഞു, "അതു ഓടട്ടെ, ഉപദേഷ്ടാവേ; നടക്കട്ടെ!" ഉപദേഷ്ടാവിനു പ്രോത്സാഹനമായി. "നമുക്കു സമർപ്പിക്കാൻ കഴിഞ്ഞാൽ, എനിക്കുറപ്പുണ്ട് നമുക്കു ഓടാൻ കഴിയും!" ഉപദേഷ്ടാവു പറഞ്ഞു. വീണ്ടും പുറകിൽ നിന്നു പറഞ്ഞു, "അതു നടക്കട്ടെ, ഉപദേഷ്ടാവേ; ഓടട്ടെ!" ഉപദേഷ്ടാവിന്റെ ആവേശമുണർന്നു പറഞ്ഞു. "നാം നമ്മുടെ മനസ് അതിൽ കേന്ദ്രീകരിച്ചാൽ, കർത്താവിനു വേണ്ടി നമുക്കു *പറക്കാൻ* പോലും കഴിയും! തീർച്ചയായും, അതിനർത്ഥം നമ്മുടെ ധർമ്മശേഖരം ഇരട്ടിയാക്കിയാൽ നമുക്കു പലതും കഴിയും എന്നാണ്!" പുറകിൽ നിന്ന് വീണ്ടും ശബ്ദമുണ്ടായി, "അതു നടക്കട്ടെ, ഉപദേഷ്ടാവേ; അതു നടക്കട്ടെ."

ശരീരവിജ്ഞാനത്തിന്റെ ഭാഗമാണ് കുറിപ്പു പുസ്തകം എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. വർഷങ്ങളായി ആരെങ്കിലും, "ഞാൻ വല്ലാതെ ഇളിഭ്യനായി! എന്ന് ആരെയെങ്കിലും സഭയിലേക്കു ആരാധനക്കു കൊണ്ടു വന്നാൽ പറയുന്നതു കേട്ടിട്ടില്ല. ഉപദേഷ്ടാവ് സുവിശേഷം പ്രസംഗിക്കും [അല്ലെങ്കിൽ സഭയെക്കുറിച്ചോ, സ്നാനത്തെക്കുറിച്ചോ, സ്നേഹത്തെക്കുറിച്ചോ പ്രസംഗിക്കും]!" എങ്ങനെയായാലും, ആളുകൾ പരാതിപ്പെ*ടുന്നതു* ഞാൻ കേട്ടിട്ടുണ്ട്, "ഞാൻ അവസാനം എന്റെ സ്നേഹിതനെ ആരാധനയ്ക്കു കൊണ്ടു വന്നു, നിങ്ങൾക്ക് അതറിയാമല്ലൊ? എന്നാൽ ഉപദേഷ്ടാവ് *നല്കുന്നതിനെക്കുറിച്ചു* പ്രസംഗിക്കാൻ തുടങ്ങി ഞാൻ അതുവരെ എന്റെ ജീവിതത്തിൽ ഇത്ര ഇളിഭ്യനായിട്ടില്ല!"

മടിശീലയെ തട്ടുമ്പോൾ വലിയുന്നതു സഭയിലെ അംഗങ്ങൾ മാത്ര മല്ല. ഈ പാഠത്തിൽ, ക്രിസ്ത്യാനികൾ അവരുടെ പണസഞ്ചിയെ പ്രകാ ശിപ്പിച്ചപ്പോൾ അന്യദേവന്മാരെ വണങ്ങിയിരുന്നവർ എങ്ങനെ പ്രതിക രിച്ചു എന്നു നാം പഠിക്കും. കർത്താവിനെ സേവിക്കുന്നതിനു വേണ്ട നമ്മുടെ തന്നെ ആത്മാവിനെ – അന്വേഷിക്കുന്നതും കണ്ടെത്താം. നാം അതിലേക്കു കടക്കുന്നതിനുമുൻപ്, എങ്ങനെയായാലും, നമുക്ക് എഫെ സൊസിലെ പ്രവൃത്തികൾ പറഞ്ഞവസാനിപ്പിക്കേണ്ടതുണ്ട്.

## തുറന്ന വാതിലുകളും - എതിരാളികളും (19:10, 20-22)

പ്രവൃത്തികൾ 19 മുതൽ പൗലൊസിന്റെ എഫെസ്യയിലെ പ്രവൃത്തി കളുടെ പ്രമുഖമായവയെ മാത്രമേ പറഞ്ഞിട്ടുള്ളു. മറ്റു വാക്യങ്ങളിൽ നിന്നും, ആ മൂന്നു വർഷത്തിനിടയിൽ പൗലൊസിനുണ്ടായ വിജയവും പരീക്ഷണങ്ങളും ഉൾപ്പെടുന്ന ഉൾക്കാഴ്ച്ച കൂടെ ലഭിക്കുന്നുണ്ട്. അവൻ എഫെസൊസിൽ ആയിരുന്നപ്പോൾ, എഴുതി, "എനിക്കു വലിയതും സഫ ലവുമായൊരു വാതിൽ തുറന്നിരിക്കുന്നു, എതിരാളികളും പലർ ഉണ്ട്" (1 കൊരിന്ത്യർ 16:9).

"വലിയ [അല്ലെങ്കിൽ തുറന്ന] വാതിൽ" തിരുവെഴുത്തിൽ ഉപയോ ഗിച്ചിരിക്കുന്നത്, പ്രത്യേകിച്ചു സുവിശേഷം പ്രസംഗിക്കുവാനുള്ള അവ സരമായിട്ടാണ് (2 കൊരിന്ത്യർ 2:12; കൊലൊസ്യർ 4:3). പൗലൊസ് അതിൽകൂടെ ഉല്ലാസസഞ്ചാരം നടത്തി പ്രസംഗിക്കുവാനുള്ള അവസരം ഉപയോഗിക്കുകയല്ല; അവനു അങ്ങനെ കടന്നുപോകാൻ കഴിയുമായി രുന്നു. അവൻ അവസാനം എഫെസൊസ് വിട്ടുപോയപ്പോൾ, മൂപ്പന്മാ രുള്ള ഒരു ശക്തമായ ഇടവക അവിടെ വിട്ടിട്ടാണ് പോയത് (പ്രവൃത്തി കൾ 20:17) അത് പതിറ്റാണ്ടുകളോളം നന്മയുടെ ശക്തിയായി നിലനിന്നു. കൂടാതെ പൗലൊസിന്റെയും സഹപ്രവർത്തകരുടെയും പരിശ്രമഫല മായി ആസ്യയിൽ പാർക്കുന്ന എല്ലാവരും നിലനിന്നു. കൂടാതെ, പൗലൊ സിന്റെയും സഹപ്രവർത്തകരുടെയും പരിശ്രമഫലമായി, "ആസ്യയിൽ പാർക്കുന്ന *എല്ലാവരും*, യെഹൂദന്മാരും യവനന്മാരും കർത്താവിന്റെ വചനം കേൾപ്പാനിടയായി" (വാക്യം 10; എംഫസിസ് മൈൻ). മൂന്നുവർഷ ങ്ങൾക്കുള്ളിൽ, തിരുവനന്തപുരം ജില്ല മുഴുവൻ സുവിശേഷം കൊണ്ടു നിറക്കുന്നതുപോലെ,[1] ആ പ്രദേശങ്ങളിൽ, പത്തോ അതിലധികമോ ഇട വകകൾ സ്ഥാപിക്കയുണ്ടായി![2]

ആ സമയത്ത് പൗലൊസിനു കിട്ടിയ തുടർച്ചയായ അവസരം മുൻപു സ്ഥാപിച്ച സഭകളെ സന്ദർശിച്ചു അവരെ ഉത്തേജിപ്പിക്കുന്നതിനായിരു ന്നു.[3] ഉദാഹരണമായി, പൗലൊസിന്റെ എഫെസൊസിലെ പ്രവർത്തന വേളയിൽ, കൊരിന്തിലെ അംഗങ്ങളുമായി ബന്ധപ്പെട്ടിരുന്നു (1 കൊരി ന്ത്യർ 5:9[4]), അയേഗ്യൻ കടൽകടന്നു പോലും അവരെ സന്ദർശിച്ചു (2 കൊരിന്ത്യർ 12:14; 13:1[5]).

"വിശാലമായ" ഒരു വാതിൽ തുറന്നു കിട്ടി എന്നുമാത്രമല്ല, പൗലൊസ് പറഞ്ഞു "എതിരാളികളും പലരുണ്ട്." പിന്നീട്, അവന്റെ എഫെസൊ സിലെ നാളുകളെകുറിച്ചു, പൗലൊസ് പറഞ്ഞു "വളരെ താഴ്മയോടും

കണ്ണുനീരോടും യെഹൂദന്മാരുടെ കൂട്ടുകെട്ടുകളാൽ എനിക്ക് ഉണ്ടായ കഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചു" (പ്രവൃത്തികൾ 20:19). അതിനുപുറമേ, "ആസ്യയിൽ തങ്ങൾക്കുണ്ടായ കഷ്ടങ്ങളെ" എടുത്തു കാണിച്ചു, "ജീവനോടിരിക്കുമോ എന്നു നിരാശ തോന്നുമാറു ഞങ്ങൾ ശക്തിക്കുമീതെ അത്യന്തം ഭാരപ്പെട്ടു" (2 കൊരിന്ത്യർ 1:8).[6] യെഹൂദന്മാരാൽ അടിയേല്ക്കേണ്ടിവന്നത്, 2 കൊരിന്ത്യർ 11:23–27 വരെയുള്ള ഭാഗത്തു പറയുന്നത് ഒരുപക്ഷേ എഫെസൊസിൽ വെച്ചാകാം (വാക്യം 24) തടവിലാക്കപ്പെടുകയും ചെയ്തു (വാക്യം 23). "എഫെസൊസിൽ വെച്ച് വന്യമൃഗങ്ങളോട് പോരാടി"[7] എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 15:32) മാത്രമല്ല, അക്വിലാസും പ്രിസ്കില്ലയും അവനു വേണ്ടി "തങ്ങളുടെ കഴുത്ത് വെച്ചുകൊടുത്തു" (റോമർ 16:3, 4).[8] എഫെസൊസിൽ വെച്ച് പൗലൊസിന്റെ ജീവൻ അപകടത്തിലായപ്പോൾ,[9] അവന്റെ സ്നേഹിതന്മാർ സാഹസത്തോടെ അവനെ മോചിപ്പിച്ചു.

"ഇതു കഴിഞ്ഞിട്ട്" എന്ന പൊതുവായ പദപ്രയോഗത്താൽ ആ ആവേശകരമായ സംഭവങ്ങളെ ലൂക്കൊസ് അവസാനിപ്പിക്കയാണ് (പ്രവൃത്തികൾ 19:21). "ഏതു കഴിഞ്ഞിട്ട്, ലൂക്കൊസേ? ഞങ്ങൾക്കു അവ കേൾക്കണം!" നമുക്ക് അതിന്റെ വിശദീകരണങ്ങൾ കൂടുതലായി വേണമെങ്കിൽ, സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ലൂക്കൊസിനോടോ പൗലൊസിനോടോ ചോദിക്കാം. തിരുവെഴുത്തുകളുടെ നിയന്ത്രണം ശ്രദ്ധേയ മത്രേ!

എഫെസൊസിലെ കുറെ വർഷങ്ങൾക്കു ശേഷം, തന്റെ അവിടത്തെ ജോലി പൂർത്തിയായി എന്നവൻ തീരുമാനിച്ചു. ആ പ്രദേശത്തെങ്ങും സുവിശേഷം എത്തി. ശക്തമായ സഭ സ്ഥാപിക്കപ്പെട്ടു. പുരുഷന്മാരെ പരിശീലിപ്പിച്ചു. എഫെസൊസിലെ പ്രവർത്തനം തുടർന്നു നടത്തിക്കൊണ്ടു പോകുവാൻ മൂപ്പന്മാരെ നിയമിച്ചു. അതുകൊണ്ട്, പൗലൊസ്, പദ്ധതി ആവിഷ്ക്കരിക്കാൻ തുടങ്ങി: "ഇതു കഴിഞ്ഞിട്ട്, പൗലൊസ് മക്കെദൊന്യയിലും അഖായയിലും കൂടി കടന്നു, യെരുശലേമിലേക്കു പോകേണം എന്നു മനസിൽ നിശ്ചയിച്ചു, 'ഞാൻ അവിടെ ചെന്നശേഷം, റോമയും കാണേണം[10] എന്നു പറഞ്ഞു'" (വാക്യം 21). "മനസ്സിൽ നിശ്ചയിച്ചു" എന്നതിന്റെ അർത്ഥം പൗലൊസ് തന്റെ തീരുമാനങ്ങളിൽ ഗൗരവമുള്ളവനായിരുന്നു, അല്ലെങ്കിൽ അവന്റെ പദ്ധതി നടത്തിപ്പിൽ പരിശുദ്ധാത്മാവിന്റെ ബന്ധം ഉണ്ടായിരുന്നു.[11]

19:21 അനുസരിച്ച്, പൗലൊസിന്റെ പദ്ധതിയിൽ മൂന്നു കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്: (1) അവൻ യെരുശലേമിലേക്കു പോകാൻ തീരുമാനിച്ചു. ഈ യാത്രയുടെ ഉദ്ദേശം ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ ധർമ്മം യെരുശലേമിലെ ആവശ്യമുള്ള യെഹൂദക്രിസ്ത്യാനികൾക്ക് എത്തിച്ചു കൊടുക്കുക എന്നതായിരുന്നു (റോമർ 15:25, 26, 30, 31). (2) യെരുശലേമിൽ പോകുന്നതിനു മുൻപ്, മക്കെദോന്യയിലും അഖായയിലും, അവിടെ സ്ഥാപിച്ച സഭകളെ വീണ്ടും സന്ദർശിക്കുവാനും ഉദ്ദേശിച്ചു. ഈ സഭകളെ പോയി ഉത്തേജിപ്പിക്കുന്നതിനു പുറമേ,[12] ധർമോപകാരം യെരുശലേമിൽ പൂർത്തിയാക്കാനും ഉദ്ദേശിച്ചു (1 കൊരിന്ത്യർ 16:1, 2; 2 കൊരിന്ത്യർ 8:1–4; 9:1, 2; റോമർ 15:26). ഈ പ്രത്യേക ധർമ്മശേഖരം യെരുശലേമിൽ എത്തിച്ചശേഷം, അന്ത്യൊക്യയിലെ തന്റെ

"സ്വദേശ" ഇടവകയെ വീണ്ടും സന്ദർശിക്കാനും ഉദ്ദേശിച്ചു. പിന്നെ (3) റോമാ സാമ്രാജ്യത്തിന്റെ കേന്ദ്രമായ, റോമിലേക്കു പോകുവാനും ആയിരുന്നു പദ്ധതി. ഇതാദ്യമായാണ് പൗലൊസ് റോമിൽ പോകുവാൻ ആഗ്രഹിക്കുന്നതായി നാം വായിക്കുന്നത്, അവിടെയുള്ള സഹോദര ന്മാരെ "അനേക സംവത്സരമായി" കാണുവാൻ വന്നിട്ടുണ്ട് (റോമർ 15:23). പൂർവ്വ ദിക്കുകളിൽ അടിത്തറയായി അന്ത്യോക്യ തിരഞ്ഞെടുത്തതു പോലെ പാശ്ചാത്യദേശത്തു സുവിശേഷം വ്യാപിപ്പിക്കുവാനുള്ള ഒരു അടിത്തറയിടുവാനായിരുന്നു അവൻ റോമിലേക്കു പോകുവാൻ തയ്യാ റായത്.[13] പ്രവൃത്തികളുടെ പുസ്തകത്തിലെ പരമപ്രധാന വാക്യമാണ് പ്രവൃത്തികൾ 19:21; പൗലൊസ് റോമിൽ എത്തിയതിന്റെ ഉച്ചസ്ഥാനത്തെ ത്തിയ സംഭവങ്ങളാണ് പുസ്തകത്തിലെ അവസാന ഭാഗങ്ങൾ.

പൗലൊസ് മക്കദൊന്യയിൽ അഖായയും സന്ദർശിച്ചത് തന്റെ യെരു ശലേമിലേക്കുള്ള ധർമ്മശേഖരം പൂർത്തിയാക്കുന്നതിനായിരുന്നു അവന്റെ പ്രാഥമിക ലക്ഷ്യമെന്നു ഞാൻ പറഞ്ഞുവല്ലൊ. എങ്ങനെയാ യാലും, കൊരിന്തിലെ ഈ ഇടവകകളെ സന്ദർശിക്കുന്നതിനു, പൗലൊസിനു, സമ്മർദ്ദകാരണങ്ങൾ ഉണ്ടായിരുന്നു. കൊരിന്തിൽ നിന്നു പ്രതിനിധികൾ വന്നു (1 കൊരിന്ത്യർ 16:17), ഇടവകയിൽ നിന്നു കത്തു മായിട്ടാണ് വന്നത് (1 കൊരിന്ത്യർ 7:1) കൂടാതെ സന്ദേശവാഹകരുടെ വിവരണവും (1 കൊരിന്ത്യർ 1:11; 5:1) വെളിപ്പെടുത്തുന്നത് ഉപദേശപ രവും പ്രായോഗികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സഭ തയ്യാറായി എന്നാണ്.[14] ദു:ഖം നിറഞ്ഞ (2 കൊരിന്ത്യർ 2:4), ഒരു കത്ത് പറഞ്ഞെഴു തിച്ച് സഹപ്രവർത്തകരായ സോസ്തെനോസിന്റെ കയ്യിൽ കൊടുത്ത യച്ചു[15] (1 കൊരിന്ത്യർ 1:1, 2; 16:8, 9, 21[16]) – ആ എഴുത്തിനെ നാം "1 കൊരിന്ത്യ" എന്നു വിളിക്കുന്നു. ലേഖനത്തിൽ ഇടവകയിലെ പ്രശ്ന ങ്ങളും താൻ വ്യക്തിപരമായി അടുത്തുതന്നെ സന്ദർശിക്കുമെന്നും വാഗ്ദാനം ചെയ്തു (1 കൊരിന്ത്യർ 4:19; 16:3–7).

യുവ ഉപദേഷ്ടാവായിരുന്ന തിമൊഥെയൊസിന്റെ കയ്യിലായിരുന്നു പൗലൊസ് ലേഖനം കൊടുത്തയച്ചത് (1 കൊരിന്ത്യർ 4:17; 16:10). ഏതാണ്ട് ഈ സമയത്ത്, പൗലൊസ് "തിമൊഥെയൊസിനേയും എരസ്തൊസി നെയും, മക്കെദൊന്യയിലേക്ക് അയക്കുന്നതായി" ലൂക്കൊസ് രേഖപ്പെ ടുത്തിയിരിക്കുന്നു (പ്രവൃത്തികൾ 19:22). ഒരുപക്ഷേ ഇവർ രണ്ടുപേ രും കൊരിന്തിലേക്കു[17] പോകുന്നതിനു മുൻപ് പ്രാഥമികമായ ചില കാര്യ ങ്ങൾ മക്കെദൊന്യയിൽ ചെയ്യുവാനുണ്ടായിരുന്നേക്കാം.[18] അധികം താമ സിക്കാതെ, പൗലൊസ് മറ്റൊരു യുവഉപദേഷ്ടാവായ, തിത്തൊസിനെ, കൊരിന്തിലെ തിമൊഥെയൊസിന്റെ പിന്തുടർച്ചാ പ്രവർത്തനത്തിനു അയ ച്ചു[19] (2 കൊരിന്ത്യർ 2:12, 13; 7:5–7; 8:6, 23). ഇതിനിടയിൽ, പൗലൊസ് "കുറെ നാൾ ആസ്യയിൽ പാർത്തു" (വാക്യം 22), ദൈവം അവനു തുറന്നു കൊടുത്ത വാതിലുകൾ അവൻ ഉപയോഗിച്ചു.

### വിജയകരമായ പ്രസംഗവും - സന്തോഷരാഹിത്യവും (19:23-41)

ഇതു നമ്മെ എഫെസൊസിലെ പൗലൊസിന്റെ ശുശ്രൂഷയുടെ മുഖ്യ

മായ സംഭവത്തിലേക്കു കൊണ്ടുവരികയാണ്, പൗലൊസിന്റെ വിടവാങ്ങൽ സമയത്ത് ധൃതിപിടിച്ച് സംഭവിക്കുന്നത്.[20] ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ എന്തു സംഭവിക്കുമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

**"അർത്തെമിസ്," ദെമേത്രിയോസ്, കലക്കവും**

വാക്യം 23 പറയുന്നു, "ആ കാലത്ത്[21] ഈ മാർഗ്ഗത്തെച്ചൊല്ലി വലിയ കലഹമുണ്ടായി."[22] ഈ കലക്കത്തിന് തുടക്കമിട്ടത് "വെള്ളി കൊണ്ട്, അർത്തമിസ് ദേവിയുടെ ക്ഷേത്രരൂപങ്ങളെ തീർക്കുന്ന ദമെത്രിയൊസ്,[23] എന്ന തട്ടാനായിരുന്നു"[24] (വാക്യം 24).

കെ.ജെ.വി അതിന് പകരം ഗ്രീക്കു ദേവതയായ അർത്തെമിസ്, റോമൻ ഡയാന എന്നു പറഞ്ഞിരിക്കുന്നു. ഈ പരിശീലനം പ്രവൃത്തികളിൽ മറ്റൊരിടത്തും തെറ്റായ പ്രകടനത്തിലില്ല (14:12), എന്നാൽ ഇവിടെ അങ്ങനെയായി, ഡയാന ഒരു കന്യക ദേവതയായിരുന്നു, എന്നാൽ എഫെസ്യയിലും മറ്റു ഭാഗങ്ങളിലും അർത്തെമിസ് മഹാദേവിയെ ആസ്യയിലെ സമ്പുഷ്ട ദേവതയായിട്ടാണ് അറിയപ്പെട്ടിരുന്നത്. അങ്ങനെ, ഡയാനയെ സുന്ദരിയായ യുവവേട്ടക്കാരിക്കു ചുറ്റും മാനും നായ്ക്കളും ആയിട്ട് ചിത്രീകരിച്ചപ്പോൾ, അർത്തെമിസിനെ രക്ഷാധികാരിണിയായ, അനേകം - സ്തനങ്ങൾ ഉള്ള ജീവിതം ഉത്ഭവിപ്പിക്കുന്നവളും നിലനിർത്തുന്നവളുമായിട്ടാണ് കാണിക്കുന്നത്.

അർത്തെമിസ് ദേവിയെ ലോകത്തിലെങ്ങും അമ്മ ദേവതയായി ആരാധിച്ചിരുന്നു (വാക്യം 27),[25] എന്നാൽ അവൾക്കു പ്രമുഖമായ സ്ഥാനം കൊടുത്തിരിക്കുന്നത് എഫെസൊസിലായിരുന്നു. എഫെസ്യർ വിചാരിക്കുന്നത് ഈ ദേവി അവരുടേത് മാത്രമാണെന്നാണ്; അവർ അവളെ "എഫെസ്യരുടെ അർത്തെമിസ്" എന്നു വിളിച്ചിരുന്നു (വാക്യങ്ങൾ 28, 34). "അർത്തെമിസ് മഹാദേവിയുടെ ക്ഷേത്രപാലക എന്നാണ്" എഫെസ്യ പട്ടണത്തെ കണക്കാക്കിയിരുന്നത് (വാക്യം 35).

അർത്തെമിസ് ക്ഷേത്രത്തിനുള്ളിൽ ഒരു ബിംബം ഉണ്ടായിരുന്നു. പാരമ്പര്യപ്രകാരം, "ആകാശത്തിൽനിന്നു വീണതാണെന്ന്" പറയപ്പെടുന്നു (വാക്യം 35). ഈ പ്രതിമ, അർത്തെമിസ് എന്ന് കണ്ണടച്ചു വിശ്വസിക്കുന്ന ഉൽക്കാ ശിലയാകാം.[26] ലോകത്തിലെ ഏറ്റവും വലിയ മാർബിൾ ക്ഷേത്രം[27] പണിതുയർത്തിയിരിക്കുന്നത് എഫെസൊസിനു പുറത്ത് വലിയൊരു പുരാതനമായ തടിച്ച പാറയിലാണ്. ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ, ക്ഷേത്രം, ലോകം മുഴുവനുമുള്ള സന്ദർശകരെ ആകർഷിച്ചിരുന്നു.

ക്ഷേത്രം കാണാൻ വരുന്ന, സന്ദർശകർ, സ്മാരക പുസ്തകങ്ങൾ വാങ്ങിയിട്ടാണ് പോകുന്നത്. അവർ വെറുതെ ഇന്നത്തെ സന്ദർശകർ എഫെൽ ടവ്വറിന്റെയോ അല്ലെങ്കിൽ മൈക്കൽ ഏൻജലിന്റെയോ *ഡേവിഡിന്റെയോ* ചിത്രം വാങ്ങി പോകുന്നതു പോലെയായിരുന്നില്ല, അവർ ചെയ്തിരുന്നത്,[28] മറിച്ച്, അവർ ചെറിയ - "അർത്തെമിസ് ദേവിയുടെ ക്ഷേത്രത്തെപ്പോലെ തന്നെ തോന്നിക്കുന്ന മാതൃക" ക്ഷേത്രം (വാക്യം 24; എൻസിവി) - അവ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച അവരുടെ അന്ധവി

ശ്വാസമുള്ള മനസുകളിൽ, ആ ചെറിയ ക്ഷേത്രം, അവരുടെ വീടുകളിൽ കൊണ്ടുപോകുമ്പോൾ അവർ വിചാരിക്കുന്നത്, അർത്തെമിസ് ദേവിയുടെ സാക്ഷ്യം അവിടെ ഉണ്ടെന്നാണ്.

നിങ്ങൾക്കു ഊഹിക്കാൻ കഴിയുന്നതുപോലെ, ഈ ചെറിയ ക്ഷേത്രങ്ങൾ ഉണ്ടാക്കിയിരുന്നവർ ലാഭകരമായി ചെയ്തിരുന്നു. "ഈ തൊഴിൽ ചെയ്തിരുന്ന [പ്രാദേശിക] തൊഴിലുകാർക്ക് വളരെ ലാഭം വരുത്തി വന്നു എന്നാണ്" ലൂക്കൊസ് നിരീക്ഷിച്ചത് (വാക്യം 24). എങ്ങനെയായാലും, പൗലൊസിന്റെ പ്രസംഗം അവരുടെ വില്പന ഇടിച്ചു കളഞ്ഞു. ഈ ക്ഷേത്രം – ഉണ്ടാക്കിയിരുന്ന തട്ടാൻ, ദെമെത്രിയോസ്, കോപിഷ്ഠനായി. അവൻ ആ പ്രദേശത്തുള്ള മറ്റു തട്ടാന്മാരെയും, "ആ വക തൊഴിലിൽ ഉൾപ്പെട്ട മറ്റെല്ലാവരേയും കൂട്ടി വരുത്തി" (വാക്യം 25) വലിയ ഒച്ചപ്പാടുണ്ടാക്കി:

> പുരുഷന്മാരേ, നമ്മുടെ സമ്പാദ്യം ഈ തൊഴിൽ കൊണ്ട് ആകുന്നു എന്നു നിങ്ങൾക്കു ബോധ്യമല്ലൊ. എന്നാൽ ഈ പൗലൊസ് എന്നവൻ കയ്യാൽ തീർത്തതു ദേവന്മാർ അല്ല എന്നു പറഞ്ഞുകൊണ്ടു എഫെസൊസിൽ മാത്രമല്ല, മിക്കവാറും ആസ്യയിൽ[29] ഒക്കെയും വളരെ ജനങ്ങളെ സമ്മതിപ്പിച്ചു, മറിച്ചു കളഞ്ഞു എന്നു നിങ്ങൾ കണ്ടും കേട്ടും ഇരിക്കുന്നുവല്ലൊ (വാക്യങ്ങൾ 25, 26).

വിഗ്രഹാരാധനയെ സംബന്ധിച്ചു പൗലൊസിനു തീർച്ചയുണ്ടായിരുന്നതു രഹസ്യമല്ല. അവൻ പ്രഖ്യാപിച്ചു "ദൈവം മനുഷ്യന്റെ ശില്പവിദ്യയും സങ്കല്പവും കൊണ്ടു കൊത്തിത്തീർക്കുന്ന, പൊൻ വെള്ളി കല്ല് എന്നിവയോടു സദൃശം എന്നു നിരൂപിക്കേണ്ടതല്ല" (17:29). അവൻ തന്റെ ഊർജ്ജം മനുഷ്യരെ "വിഗ്രഹങ്ങളെ വിട്ടു ജീവനു[ള്ള] ദൈവത്തിങ്കലേക്കു തിരിക്കുവാൻ ചെലവിട്ടു" (1 തെസ്സലൊനിക്യർ 1:9). അവന്റെ പ്രസംഗത്തിന് അതിന്റെ ഫലമുണ്ടായി; "അവൻ അർത്തെമിസിനെ ആരാധിക്കുന്നതു വിട്ടു തിരിയുവാൻ അസംഖ്യം ആളുകളെ പ്രേരിപ്പിച്ചു" – അതു ദെമെത്രിയോസിന്റെയും മററു വിഗ്രഹങ്ങളെ ഉണ്ടാക്കിയിരുന്നവരുടെയും ലാഭത്തെ ബാധിച്ചു. തന്റെ സഹ വ്യാപാരികളോട് ദെമെത്രയൊസ് സത്യപ്രസ്താനയാണ് നടത്തിയത്; അവൻ തന്റെ പ്രാർത്ഥന പുസ്തകത്തേക്കാൾ പണസഞ്ചിയെയാണ് കരുതിയത്.[30]

എങ്ങനെയായാലും, അവനും മററു കരകൗശലപ്പണിക്കാരും തങ്ങളുടെ സാമ്പത്തിക നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ പരസ്യമായ റാലി നടത്തിയാൽ വിജയിക്കയില്ല എന്ന് അവനറിയാമായിരുന്നു, അതുകൊണ്ട് അവൻ മതപരമായ ദുരഭിമാനത്തെ ഇളക്കി പൗരത്വസംബന്ധമായി ആരോപണം ഉന്നയിക്കാൻ താല്പര്യപ്പെട്ടു:

> അതിനാൽ നമ്മുടെ ഈ കാര്യം ആക്ഷേപത്തിൽ ആകുവാൻ അടുത്തിരിക്കുന്നതുമല്ലാതെ, അർത്തെമിസ് മഹാദേവിയുടെ ക്ഷേത്രം ഏതുമില്ല എന്നുവരികയും ആസ്യ മുഴുവനും ഭൂതലവും ഭജിച്ചു പോരുന്നവരുടെ മാഹാത്മ്യം ഒടുങ്ങിപ്പോകുകയും ചെയ്യും എന്നു

പറഞ്ഞു (വാക്യം 27).

ദൈവശ്വാസിയമല്ലാത്ത പുരുഷന്മാരുടെ പല പ്രസംഗങ്ങളും ഉള്ള പ്രവൃത്തികളുടെ പുസ്തകത്തിലെ അസാധാരണ ഭാഗമാണിത്. ക്രിസ്ത്യാനിത്വത്തിന്റെ ഫലം അന്യദേവന്മാരെ വണങ്ങുന്നവരുടെ അധരത്തിലൂടെ പുറപ്പെടുവിക്കയാണ് ഇവിടെ ലൂക്കൊസ്. ദമെത്രിയൊസിന്റെ സാക്ഷ്യത്തേക്കാൾ സുവിശേഷത്തിന്റെ ശക്തി പുറത്തുള്ളവരിൽ കൂടെ അറിയിക്കുവാൻ മറ്റൊന്നില്ല. പൗലൊസിന്റെ പ്രസംഗത്തിന്റെ ഫലം ദെമെത്രെയൊസ് അധികപ്പറ്റായി പറഞ്ഞതാണെന്നു ആർക്കെങ്കിലും വിചാരം ഉണ്ടെങ്കിൽ, നാല്പതു വർഷങ്ങൾക്കു ശേഷം ആസ്യയിലെ എഴുത്തുകാരനായിരുന്ന പ്ലിനി[31] ടാജാർ ചക്രവർത്തിക്കു പരാതിയായി എഴുതി, ക്രിസ്ത്യാനിത്വം കാരണം ക്ഷേത്രങ്ങളിലെ ദേവന്മാരെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

ദെമെത്രെയൊസിന്റെ ക്ഷോഭിപ്പിക്കുന്ന വാക്കുകൾക്ക് ഉദ്ദേശിച്ച ഫലമുണ്ടായി. അവന്റെ കേൾവിക്കാർ "അതുകേട്ടു ക്രോധം നിറഞ്ഞവരായി" "'എഫെസ്യരുടെ ആർത്തെമിസ് ദേവി' എന്ന് ആർത്തു!" (വാക്യം 28). അവർ "തെരുവിലേക്കു ഓടി" എന്നാണ് (വെസ്റ്റേൺ ടെക്സ്റ്റ്), ഉച്ചത്തിൽ അവരുടെ മുദ്രാവാക്യം മുഴക്കി. (ഒച്ചപ്പാട് – ഉണ്ടാ ക്കുന്നവർക്കു അതാതു സമയത്ത് ആളുകളെ കിട്ടും.) അതു "പട്ടണം [മുഴുവൻ] കലക്കത്തിലാക്കുന്നതുവരെ തുടരും" (വാക്യം 29). ആൾക്കൂട്ടത്തിന്റെ എണ്ണം വർദ്ധിച്ചപ്പോൾ, "അവർ ഒരുമനപ്പെട്ട് രംഗസ്ഥലത്തേക്കു പാഞ്ഞു ചെന്നു" (വാക്യം 29), 25,000 പേർക്കു ഇരിക്കാവുന്ന, പടുകൂറ്റൻ – ഹാളാണത്. ജനക്കൂട്ടം വലിയ പുരുഷാരമായി; പ്രകടനം ഒരു കലഹമായിത്തീർന്നു.

### ചില ശിഷ്യന്മാർ, ആസന്നമരണവും, ഒരു "പ്രതിരോധവും"

ദുഷ്പ്രേരണ ഇളക്കിവിട്ടവർ ഒരു പക്ഷേ അവരുടെ പട്ടണം ഇളക്കിമറിച്ച റാലിയാൽ പൗലൊസിനെ തുടച്ചുമാറ്റാമെന്നും – ഒരു പക്ഷേ പുരുഷാരം അവനെ കൊല്ലുമെന്നും അവർ പ്രതീക്ഷിച്ചിരിക്കാം – എന്നാൽ അവർക്കു അപ്പൊസ്തലനെ കണ്ടെത്താനായില്ല. അവർക്കു കണ്ടെത്താനായതു പൗലൊസിന്റെ കൂടെ "മക്കെദൊന്യയിൽ നിന്നു യാത്രചെയ്തിരുന്ന ഗായൊസ്സിനെയും[32] അരിസ്തർഹൊസിനെയും,[33] മാത്രമെ കണ്ടെത്താനായുള്ളു"[34] (വാക്യം 29), അങ്ങനെ അവരെ പിടിച്ചു വലിച്ചിഴച്ചു രംഗ സ്ഥാനത്തേക്കു കൊണ്ടുവന്നു അതൊരു ഭ്രാന്തുപിടിച്ച രംഗമായിരുന്നു; മരണം ആയിരുന്നു രംഗ വീക്ഷണത്തിൽ ഉയർന്നിരുന്നതു. ഗായോസിന്റേയും അരിസ്തർഹോസിന്റേയും വിധി ഒരു ചരടിൽ തൂങ്ങിയിരുന്നു.[35]

തന്റെ സ്നേഹിതന്മാർ അപകടത്തിലാണെന്ന് പൗലൊസ് അറിഞ്ഞപ്പോൾ അവൻ രംഗസ്ഥലത്തേക്ക് പായുവാൻ ശ്രമിച്ചു – തന്റെ കൂട്ടുകാരെ മോചിപ്പിക്കുവാൻ അവൻ തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തുവാനായിരിക്കാം. എങ്ങനെയായാലും, "പൗലൊസ് ജനസമൂഹത്തിൽ ചെല്ലുവാൻ ഭാവിച്ചാറെ,[36] ശിഷ്യന്മാർ അവനെ വിട്ടില്ല" (വാക്യം 30). ജനക്കൂട്ടം വിവേചിക്കയില്ല എന്നും, കർത്താവിൻ നിമിത്തം പൗലൊ

സിനെ നഷ്ടപ്പെടുവാൻ അവർ ആഗ്രഹിച്ചിരുന്നില്ല എന്നതായിരുന്നു കാരണം (2 ശമുവേൽ 21:17).

"ആസിയാർക്ക്സിൽ ചിലർ അവന്റെ [പൗലൊസിന്റെ] സ്നേഹിതന്മാരായിരുന്നു അവർ അവനെ തടസ്സപ്പെടുത്തി എന്നും ലൂക്കൊസ് കൂട്ടിച്ചേർത്തു എന്നും" പറയുന്നുണ്ട് (വാക്യം 31). "ആസിയാർക്ക്" എന്നത് സംയുക്ത ഗ്രീക്കു വാക്ക് ആണ് "അക്ഷരികമായ അർത്ഥം"[37] "ഇവർ ഉദ്യോഗസ്ഥരായിരുന്നു സാമ്പത്തികമായി കൊള്ളാവുന്ന പൗരന്മാരിൽ നിന്നും ... തിരഞ്ഞടുത്ത് മതപരമായ ആരാധനയുടെ അദ്ധ്യക്ഷം വഹിക്കുന്നതും, ദേവന്മാരുടെ പ്രീതിക്കായി അവരുടെ ചെലവിൽ പൊതുവായ വാർഷിക ഗെയിംസ് നടത്തുകയും ചെയിതിരുന്നു"[38] അവരുടെ സ്ഥാനങ്ങൾ വെച്ചുകൊണ്ട് അവർ ക്രിസ്ത്യാനികളെ എതിർത്തു എന്നു ഊഹിക്കാൻ പ്രയാസം, എന്നാൽ പൗലൊസിനോടു അവൻ സ്വീകരിച്ചിരുന്ന മാർഗ്ഗത്തോടും അവർക്കു അനുകമ്പയുള്ളവരായിരുന്നു.[39] "ആവർത്തിച്ചു അവനോട് അപേക്ഷിച്ചു" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് പൗലൊസിനെ തടയുന്നതു അത്ര ശ്രമകരം എന്നാണ്.

ഇതിനിടയിൽ, രംഗസ്ഥലത്ത്, "ജനസംഘം കലക്കത്തിലായി മിക്ക പേരും തങ്ങൾ വന്നു കൂടിയ സംഗതി[40] എന്തെന്നു അറിയായ്കയാൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും ആർത്തു" (വാക്യം 32).[41] അതൊരു സർവ്വവിധ ജനാവലിയായിരുന്നു. മുൻപുണ്ടായിരുന്ന അമേരിക്കൻ വക്താവും എഴുത്തുകാരനുമായിരുന്ന ബെഞ്ചമിൻ ഫ്രാങ്ക്ലിൻ ഒരു ജനാവലിയെ നിർവ്വചിച്ചത് "തലകളുള്ള ഒരു കൂട്ടം ആളുകൾ പക്ഷേ തലച്ചോറില്ലെന്നു മാത്രം" എന്നാണ്.

ഒരു ജനാവലി കലക്കത്തിലാകുന്നതു എങ്ങനെ എന്നു ചിത്രീകരിക്കുവാൻ, ലൂക്കൊസ് പറഞ്ഞു "യെഹൂദന്മാർ അലക്സന്തരിനെ ഉന്തിതള്ളികൊണ്ടു വന്നതുകൊണ്ട്, ചിലർ വിചാരിച്ചു അലക്സന്തരായിരിക്കും കുറ്റക്കാരൻ" എന്ന് (വാക്യം 33). ഈ വിഗ്രഹാരാധകരോടൊപ്പം യെഹൂദന്മാർ എന്തിനാണ് സന്നിഹിതരായത്? യെഹൂദന്മാർ അജ്ഞാതരായ വിഗ്രഹാരാധികൾക്കു വേണ്ടി ഉണ്ടാക്കിയിരുന്ന വിഗ്രഹങ്ങൾ ഉണ്ടാക്കി ലാഭമെടുത്തിരിക്കാൻ സാധ്യതയില്ലേ? അവർ മുമ്പോട്ടുകൊണ്ടു വന്ന അലെക്സാണ്ടർ ആരാണ്? "ചെമ്പു പണിക്കാരനായ അലെക്സാണ്ടർ" "എനിക്കു വളരെ ദോഷം ചെയ്തു" എന്നു പൗലൊസ് പിന്നീട് പറഞ്ഞു (2 തിമൊഥെയോസ് 4:14; കൂടാതെ 1 തിമൊഥെയോസ് 1:20). ഇന്നു അവൻ തന്നെ രക്ഷിക്കാൻ സാധ്യതയില്ലേ?[42] എന്തിനാണ് അവർ അലെക്സാണ്ടറെ (അവൻ ആരായാലും) ജനമദ്ധ്യത്തിലേക്ക് ഉന്തിതള്ളിയത്? പൗലൊസ് ഉണ്ടാക്കിയ കുഴപ്പങ്ങൾക്കു എഫെസൊസിലെ യെഹൂദന്മാർ ഉത്തരവാദികളല്ല എന്നു വരുത്തിതീർക്കുകയായിരുന്നോ?[43] അലെക്സാണ്ടറുടെ ഉദ്ദേശം എന്തായിരുന്നാലും, ജനക്കൂട്ടത്തിനു വ്യക്തതയില്ലായിരുന്നു. ഒരു പക്ഷേ ചിലർ വിചാരിച്ചിരിക്കാം അലെക്സാണ്ടറാണ് ഈ കൂടിവരവിനു പ്രേരണക്കാരൻ എന്ന്; മറ്റുള്ളവർ വിചാരിച്ചത് അവനെയാണ് വിചാരണ നടത്തേണ്ടത് എന്ന്.

വേദിയിൽ സീറ്റുകൾ ബന്ധിച്ചിരിക്കുന്നതിനു കീഴെയായിരിക്കണം

അവർ അലെക്സാണ്ടറെ "മുമ്പോട്ട് ... തള്ളികൊണ്ടുവന്നത്." അവൻ അല്പം നിന്ന്, "അലെക്സാന്തർ ആംഗ്യം കാട്ടി ജനസമൂഹത്തോടു പ്രതിവാദിപ്പാൻ ഭാവിച്ചു" (വാക്യം 33), എന്നാൽ അവനു ഒരിക്കലും അവസരം കിട്ടിയില്ല. "എന്നാൽ അവൻ യെഹൂദൻ[44] എന്നറിഞ്ഞപ്പോൾ, 'എഫെസ്യരുടെ അർത്തെമിസ് ദേവി' എന്നു എല്ലാവരും കൂടി രണ്ടു മണി നേരത്തോളം, ഏകശബ്ദത്തോടെ ആർത്തുകൊണ്ടിരുന്നു!" (വാക്യം 34).

ഈ സമൂഹം അർത്തെമിസിൽ മാത്രം ആയിരുന്നില്ല വിചാരിക്കപ്പെട്ടത്. ക്ഷേത്രം ഭീഷണിയിലായെന്നു ജനക്കൂട്ടം മനസ്സിലാക്കി, പിന്നെ അവർ തങ്ങളുടെ സാമ്പത്തികം അപകടത്തിലാക്കി എന്നും അവർ സഹജമായി മനസ്സിലാക്കി. ഒരു വലിയ വ്യവസായം തകരുമ്പോൾ, ആ പ്രദേശത്തുള്ള എല്ലാവരെയും ബാധിക്കും. ഒരു പക്ഷേ, അവരും, ഒച്ചപ്പാടുണ്ടാക്കാൻ കാരണം, അവരുടെ പണസഞ്ചിക്ക് വേദന തട്ടിക്കാണും.

എഫെസ്യയിലെ ഉന്മാദാവസ്ഥയിലാണ്ട 25,000 പേരുടെ രണ്ടു മണി നേരത്തെ ആർത്തുവിളി ഞാൻ ഊഹിക്കാൻ ശ്രമിച്ചിട്ടുണ്ട്! ഇതിനോട് അടുത്തതായി എനിക്ക് ഒർമ്മിക്കാൻ കഴിയുന്നത് ഒരു രാത്രി എന്റെ അയൽക്കാരുടെ എല്ലാം പട്ടികൾ ഏതാനും മിനിറ്റുകൾ ഒരേ സമയം ഓളിയിട്ടുകൊണ്ടിരുന്നതാണ്. കുറച്ചു മിനിറ്റുകൾക്കു ശേഷം, എന്റെ മുട്ടിടയെല്ലാം പുറത്തേക്കു വലിക്കുന്നതു പോലെ തോന്നി!

**ക്രമരഹിതം, അപകടം, പിരിച്ചയക്കൽ**

രംഗസ്ഥലത്തിന്നു തൊട്ടുതന്നെയായിരുന്നു ഗവൺമെന്റിന്റെ തലസ്ഥാനം.[45] അവിടെ നടക്കുന്ന കലഹത്തെ കുറിച്ച് പട്ടണ ഉദ്യോഗസ്ഥന്മാർ അറിഞ്ഞിരുന്നു, എന്നാൽ ജനക്കൂട്ടം രണ്ടുമണിക്കൂർ നിലവിളിച്ചു തന്നെത്താൻ മതിയാക്കിയതല്ലാതെ ഔദ്യോഗിക നിയന്ത്രണം ഒന്നുമുണ്ടായില്ല. പിന്നെ പട്ടണമേനവൻ പുരുഷാരത്തെ അമർത്തി (വാക്യം 35). "പട്ടണമേനവൻ"[46] എന്നതിന്റെ ഗ്രീക്ക് തർജ്ജിമ ചെയ്തത് "ശാസ്ത്രി" എന്നുള്ള സാധാരണ വാക്കാണ്. ഈ പട്ടണമേനവനാണ് പട്ടണത്തിലെ കാര്യങ്ങൾ രേഖപ്പെടുത്തുന്നത്. എങ്ങനെയായാലും എഫെസൊസിൽ അവൻ വെറും സെക്രട്ടറിയേക്കാൾ ഉയർന്നവനായിരുന്നു. അവൻ "പ്രധാനപ്പെട്ട പ്രാദേശിക ഉദ്യോഗസ്ഥനും ["മേയർ," ലിവിങ്ങ് ബൈബിൾ] ജനങ്ങൾ കൂടിവരുമ്പോൾ മുഖ്യ ഉദ്യോഗസ്ഥനും, റോമൻ അധികാരികൾക്കും എഫസൊസിനും മദ്ധ്യസ്ഥനായി പ്രവർത്തിക്കുന്നവനും ആയിരുന്നു."[47]

ഒരു ഉദ്യോഗസ്ഥൻ ദെമെത്രിയോസ് പ്രകോപിപ്പിച്ചു കലക്കമുണ്ടാക്കിയവരെ അമർത്തുവാൻ കഴിവുള്ളവനാണെന്നു തെളിയിച്ചു. അവൻ രംഗസ്ഥലത്തു വന്നവർക്കു വീണ്ടും ഉറപ്പ് നല്കി: "എഫെസ്യ പുരുഷന്മാരെ, എഫെസൊസ് പട്ടണം അർത്തെമിസ് മഹാദേവിക്കും,[48] ദ്യോവിൽ നിന്നു വീണ ബിംബത്തിനും ക്ഷേത്രപാലക എന്നു മറിയാത്ത മനുഷ്യൻ ആർ?" (വാക്യം 35). അവൻ പിന്നെ അവർക്കു താക്കീതു നല്കി: "ഇതു എതിർമൊഴി ഇല്ലാത്തതാകയാൽ, നിങ്ങൾ തിടുക്കത്തിൽ ഒന്നും ചെയ്യാതെ അടങ്ങിപ്പാർക്കേണ്ടതാകുന്നു" (വാക്യം 36). എൻ.സി.വിയിൽ

"നിങ്ങൾ എന്തെങ്കിലും ചെയ്യുന്നതിനു മുൻപ് ഒന്നുനിന്ന് ആലോചിക്കുക" എന്നാണ്.

രണ്ടു മണി നേരത്തെ ജനസമൂഹത്തിന്റെ ഒച്ചപ്പാടിനുശേഷം, ഉദ്യോഗസ്ഥൻ തന്റെ അന്വേഷണം മതിയാക്കി; അവനു ചുറ്റും വസ്തുക്കൾ വന്നു. ഗായൊസും അരിസ്തർഹൊസും, പറയുന്നതിലേക്ക് ശ്രദ്ധി ച്ചു, "ഈ പുരുഷന്മാരെ നിങ്ങൾ കൂട്ടിക്കൊണ്ടു വന്നുവല്ലൊ, അവർ ക്ഷേത്രം കവർച്ച ചെയ്യുന്നവരല്ല, നമ്മുടെ ദേവിയെ ദുഷിക്കുന്നവരുമല്ല" (വാക്യം 37). ആ രണ്ടു ക്രിസ്ത്യാനികൾ അർത്തെമീസിനെ ദുഷിക്കുന്നവരല്ല (അതായതു, എതിരായി സംസാരിക്കുന്നവരല്ല) എന്നു ആ ഉദ്യോഗസ്ഥൻ പറഞ്ഞതു കള്ളമായിരുന്നോ? അതിനു സാധ്യതയുണ്ട്. ഓർക്കുക (1) ആ ഉദ്യോഗസ്ഥൻ തെറ്റിദ്ധരിച്ച സമൂഹത്തോടാണ്, സംസാരിച്ചത്, മിക്ക പേർക്കും അവർ വന്നുകൂടിയ സംഗതി എന്താണെന്നു പോലും അറിയില്ലായിരുന്നു (വാക്യം 32); (2) അയാളുടെ ഉദ്ദേശം ആ പുരുഷന്മാർക്കു വേണ്ടി പ്രതിരോധിക്കയുമായിരുന്നില്ല എന്നാൽ ക്രമസമാധാനം വരുത്തുക എന്നതായിരുന്നു; (3) ക്രിസ്ത്യാനിയല്ലാത്തതു കൊണ്ട്, തന്റെ, ഉദ്ദേശത്തിനായി ഒരു കള്ളം പറഞ്ഞതായിരിക്കാം. മറിച്ച്, അയാൾ സത്യത്തെ വലിച്ചിഴച്ചാൽ ദെമെത്രെയോസും കൂട്ടരും "കയ്യാൽ തീർത്തതു ദേവന്മാരല്ല" എന്നു പ്രസംഗിച്ചിരുന്നു (വാക്യം 26), അവർ ഒരു പക്ഷേ വ്യക്തിപരമായി അർത്തെമിസിനെ ആക്രമിച്ചിരിക്കയില്ല. അവർ വിഗ്രഹാരാധനക്ക് എതിരായി റാലികളും സംഘടിപ്പിച്ചിരിക്കയില്ല; അവർ ക്ഷേത്രം പിക്കെറ്റ് ചെയ്യുകയുമായിരുന്നില്ല; അവർ "വെറും" സുവിശേഷ പ്രസംഗമാണ് നടത്തിയത്.

ദെമെത്രിയോസും മറ്റു കരകൗശല വിദഗ്ധരും എതിർത്തിരുന്നെ *ങ്കിൽ*, ജനസമൂഹത്തെ തങ്ങൾ മിണ്ടാതാക്കിയിട്ട് പാതകക്കാരെ വേർതിരിക്കുമായിരുന്നു:

> എന്നാൽ, ദെമെത്രിയോസിനും കൂടെയുള്ള തൊഴിലാളികൾക്കും വല്ലവന്റെയും നേരെ ഒരു സംഗതി ഉണ്ടെങ്കിൽ, വിസ്താര ദിവസങ്ങൾ വെച്ചിട്ടുണ്ട്[49] ദേശാധിപതികളും ഉണ്ട്;[50] തമ്മിൽ വ്യവഹരിക്കട്ടെ[51] (വാക്യങ്ങൾ 38, 39).

ഈ വാക്യങ്ങളാൽ പട്ടണമേനവൻ രണ്ടു ഉദ്ദേശങ്ങൾ നിറവേറ്റി. ഒന്ന്, ഒരു പരാതി കൈകാര്യം ചെയ്യാൻ ശരിയായതും തെറ്റായതുമായ വഴിയുണ്ട് – അവർ തിരഞ്ഞെടുത്ത വഴി തെറ്റായിപ്പോയി. രണ്ട്, അയാൾ കരകൗശലക്കാരെ ഓർമ്മപ്പെടുത്തിയത് ഈ പ്രത്യാഘാതത്തിന്റെ അനന്തര ഫലത്തിനു കണക്കുകൊടുക്കേണ്ടവർ ആരാണെന്നും ആണ്.

സാദ്ധ്യമായ അനന്തരഫലങ്ങളെയും ഉദ്യോഗസ്ഥൻ സൂചിപ്പിക്കയുണ്ടായി: "ഇന്നത്തെ കലഹത്തിനു കാരണമില്ലായ്കയാൽ, അതു നിമിത്തം നമ്മുടെ പേരിൽ കുറ്റം ചുമത്തുവാൻ ഇടയുണ്ട് സ്പഷ്ടം; ഈ ആൾക്കൂട്ടത്തിനു ഉത്തരം പറയാൻ നമുക്കു വക ഒന്നുമില്ലല്ലൊ" (വാക്യം 40). ഈ വാക്കുകളുടെ ശക്തി നാം അനുമോദിക്കാൻ കലഹത്തോടുള്ള റോമിന്റെ മനോഭാവം നാം മനസിലാക്കണം. റോമിന്റെ കാഴ്ച്ചപ്പാടിൽ,

ക്രമസമാധാനത്തേക്കാൾ മോശമാണ് ചില കുറ്റകൃത്യങ്ങൾ (ലഹളക്കു പ്രകോപിക്കുക എന്നതു വധശിക്ഷക്കുള്ള അതിക്രമമാണ്) അനേകം ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്ന ഒരു സ്വതന്ത്ര പ്രദേശമായിരുന്നു എഫെസോസ്. എല്ലാവരും, അല്ലെങ്കിൽ മിക്കവരും ആരംഭസ്ഥലത്തെ കുഴപ്പം റോമിൽ അറിയിച്ചാൽ തങ്ങൾക്കു നഷ്ടമാകും. റോമൻ സേന പട്ടണം കൈവശമാക്കുകയും ചെയ്യും. കുറ്റവാളികളെ തടവിലാക്കുകയോ തൂക്കിക്കൊല്ലുകയോ ചെയ്യും (ഇങ്ങനെ സംഭവിക്കാനിടയാക്കിയ പട്ടണമേനവനടക്കം)! ചുരുങ്ങിയതു പിഴയെങ്കിലും ചുമത്തും, നികുതി വർദ്ധിപ്പിക്കും, സംഘടിതസംഘത്തെ പിരിച്ചുവിടുകയും ചെയ്യും. മറ്റൊരു വിധത്തിൽ, വെള്ളിപ്പണിക്കാരും മറ്റുള്ളവരും അവരുടെ പണസഞ്ചി സംരക്ഷിക്കാൻ ശ്രമിച്ചത് അവസാനം പണസഞ്ചിതന്നെ നഷ്ടമായേക്കാം!

ഉദ്യോഗസ്ഥൻ അവസാനിപ്പിച്ചപ്പോൾ, ജനക്കൂട്ടത്തെ നോക്കിയപ്പോൾ, നിമിഷങ്ങൾക്കു മുമ്പ് കണ്ടതുപോലെയല്ല കാണപ്പെട്ടത്. ലൂക്കൊസ് രേഖപ്പെടുത്തുന്നു “ഇങ്ങനെ പറഞ്ഞു അവൻ സഭയെ പിരിച്ചുവിട്ടു” (വാക്യം 41). ശാന്തരായ ആളുകളെ എനിക്കുകാണാൻ കഴിയുന്നുണ്ട് - തല കുനിച്ച് - രംഗസ്ഥലം വിട്ട്, വേഗം വീട്ടിലേക്കു പോകുന്ന കാഴ്ച എനിക്കു കാണാം. പട്ടണമേനവൻ തന്റെ നെറ്റിയിലെ വിയർപ്പ് തുടക്കുന്നതും, പിന്നെ പട്ടണ ഹാളിലേക്ക് പോയി സാധാരണ കാര്യങ്ങളിൽ കൂടുതൽ ചെയ്യുവാനുള്ള തന്ത്രപ്പാടിലാണ്. “എല്ലാ ദിവസവും ഇതുപോലെ ചെയ്യേണ്ടി വരുന്നില്ലല്ലോ എന്നോർത്തു ഞാൻ സന്തോഷിക്കുന്നു!” എന്ന് അദ്ദേഹം വിചാരിച്ചുകാണും, അതുപോലെ, “ഇതൊന്നും ചെയ്യുവാൻ മതിയായ ശമ്പളം എനിക്ക് കിട്ടുന്നില്ലല്ലോ എന്നും വിചാരിച്ചുകാണും!”

രംഗസ്ഥലത്തേക്കു വലിച്ചിഴച്ച പൗലൊസിന്റെ കൂട്ടുയാത്രക്കാരായ ഗായൊസിനും അരിസ്തർഹൊസിനും എന്തു സംഭവിച്ചു? ആ ഉദ്യോഗസ്ഥൻ ഒരു ക്ഷമാപണത്തോടെ, അവരെ മോചിപ്പിച്ചു കാണും, അടുത്ത അദ്ധ്യായത്തിൽ പൗലൊസിനോടു കൂടെ അവർ വീണ്ടും യാത്ര ചെയ്യുന്നതു നാം പഠിക്കും[52] (20:3, 4).

അതു ആ മാർഗ്ഗക്കാർക്കു മറ്റൊരു വിജയമായിരുന്നു. ഒരിക്കൽ കൂടെ, വിശ്വാസികളെ കുറ്റവിമുക്തരാക്കുകയും അവരെ ഉപദ്രവിക്കുന്നവരെ കുറ്റപ്പെടുത്തുകയും ചെയ്തു. സമൂഹത്തിനു ഭീഷണിയായിത്തീർന്നതു ക്രിസ്ത്യാനികളായിരുന്നില്ല, മറിച്ച് അവരെ ഉപദ്രവിക്കുന്നവരാണ് എന്ന് ലൂക്കൊസ് തന്റെ വായനക്കാർക്കു കാണിച്ചു കൊടുത്തു.

**ഉപസംഹാരം**

രംഗസ്ഥലത്തു നടന്ന കുഴപ്പം അറിഞ്ഞപ്പോൾ താൻ പദ്ധതിതയ്യാറാക്കി കഴിഞ്ഞു ചെയ്യുവാൻ സമയമായി എന്ന് പൗലൊസിനു ബോധ്യമായി: എഫെസൊസ് വിട്ടുപോകുക. തുറന്ന വാതിൽ (1 കൊരിന്ത്യർ 16:9) അടക്കപ്പെട്ടു. അങ്ങനെ, “കലഹം ശമിച്ച ശേഷം, പൗലൊസ് ശിഷ്യന്മാരെ കൂട്ടി വരുത്തി പ്രബോധിപ്പിച്ചിട്ടു യാത്ര പറഞ്ഞു, മക്കെ

ദൊന്യക്കു പുറപ്പെട്ടുപോയി" (20:1).

എഫെസ്യലഹളയുടെ നാടകീയ വിവരങ്ങൾ നമുക്കു അനേക പാഠങ്ങൾ നല്കുന്നുണ്ട്. ക്രൂശിന്റെ ശത്രുക്കൾ സുവിശേഷത്തിന്റെ ശക്തി തിരിച്ചറിഞ്ഞു എന്ന് അത് കാണിക്കുന്നു. അർത്തെമീസിനെ ആരാധിക്കുന്നതിനു സുവിശേഷം ഭീഷണിയായി തീർന്നു എന്ന് ദെമെത്രിയൊസ് പറഞ്ഞതു ശരിയായിരുന്നു. ഒരിക്കൽ മനോഹരമായിരുന്ന അർത്തെമിസ് ക്ഷേത്രം ഇന്ന് നാശാവശിഷ്ട കൂമ്പാരമാണ്. ഒരു തൂണ് മാത്രം ഉള്ളതിന്റെ മുകളിൽ കൊക്കിന്റെ ഒരു കൂടുണ്ട്.

നമ്മുടെ കാലത്തിലെ പ്രത്യേക പ്രാധാന്യം, എങ്ങനെയായാലും, പണത്തെക്കുറിച്ചു നാം അമിതമായി വിചാരപ്പെടരുത്. ആയുധമായോ വിഗ്രഹമായോ മാറാനിടയുണ്ട്. നമുക്കു ദൈവത്തെ ആരാധിച്ചു അവന്നായി പണത്തെ ഉപയോഗിക്കുകയോ, അല്ലെങ്കിൽ പണത്തെ ആരാധിച്ചുകൊണ്ട് കൂടുതൽ പണമുണ്ടാക്കാൻ മതത്തെ ഉപയോഗിക്കയോ ചെയ്തേക്കാം. ഒന്നു പുറകോട്ട് മാറി ദെമെത്രിയൊസിന്റെയും കൂട്ടരുടെയും വിചാരപ്പെടൽ നോക്കുക; പിന്നെ സ്വയം – പരിശോധന എന്ന കണ്ണാടി നോക്കുക. പണത്തോടുള്ള നമ്മുടെ മനോഭാവം എന്താണ്? മറ്റുള്ളവരെ സഹായിക്കുവാനോ ക്രിസ്തുവിനു വേണ്ടി കൂടുതൽ പ്രവർത്തിക്കുവാനുള്ള അവസരം കിട്ടുമ്പോഴോ നാം എങ്ങനെ പ്രതികരിക്കും? (നിങ്ങളുടെ മനോഭാവത്തെക്കുറിച്ച് നിങ്ങൾക്കു തീർച്ചയില്ലെങ്കിൽ, നല്ലൊരു സംഖ്യ ഉദാരമായി നല്കുകയും നിങ്ങൾക്ക് അത് എങ്ങനെ തോന്നുമെന്നും തിരിച്ചറിയുക!) ക്രിസ്ത്യാനിത്വം നമ്മുടെ പണസ്സഞ്ചിയെ തട്ടുമ്പോൾ, അതു നമ്മെ ചുറുചുറുക്കുള്ളവരാക്കുകയല്ല, ചിരിപ്പിക്കും.[53]

---

കുറിപ്പുകൾ

[1]കേൾവിക്കാർ തിരിച്ചറിയുന്ന രീതിയിലുള്ള സ്ഥലം താരതമ്യം ചെയ്യുക. ഇന്നു ടർക്കി എന്നറിയപ്പെടുന്ന പാശ്ചാത്യ കടൽതീരം എടുത്തിരിക്കുന്നതാണ് ആസ്യയിലെ റോമൻ പ്രദേശങ്ങൾ എന്നോർക്കുക. പൗലൊസിന്റെ മൂന്നാമത്തെ മിഷണറിയാത്രയുടെ ഭൂപടം നോക്കുക. [2]എഫെസൊസിലെ ഇടവകക്കു പുറമേ, എല്ലാം, അല്ലെങ്കിൽ, ആസ്യയിലെ ഏഴു സഭകളിൽ മിക്കതും (വെളിപ്പാട് 1-3) ആ സമയത്തു സ്ഥാപിക്കപ്പെട്ടതാണ്, കൂടാതെ കൊലൊസ്യയിലെയും ഹിരാപ്പൊലിയിലേയും. [3]ഈ ഇടവകകളെക്കുറിച്ചുള്ള പൗലൊസിന്റെ കരുതൽ 2 കൊരിന്ത്യർ 11:28 പറയുന്നു. അവരെ പ്രോത്സാഹിപ്പിക്കുന്നതിനു എല്ലാ അവസരവും അവൻ ഉപയോഗിച്ചു, കൊരിന്തിലെ സഭയെയും അവൻ അങ്ങനെതന്നെ ചെയ്തു. [4]ചിലർ വിശ്വസിക്കുന്നത് 1 കൊരിന്ത്യർ 5:9-ൽ പറയുന്ന ലേഖനം (1 കൊരിന്ത്യലേഖനത്തിനു മുമ്പുള്ളതാണെന്നും) രണ്ടു കൊരിന്ത്യ ലേഖനത്തിന്റെ ഭാഗമായി സൂക്ഷിച്ചതാണെന്നും അവർ കരുതുന്നു. ആ ലേഖനത്തിലുള്ളതു, എങ്ങനെയായാലും 2 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ വിപുലീകരിച്ചു പറയുന്നു. അതുകൊണ്ട്, അതു, സൂക്ഷിക്കേണ്ട ആവശ്യമില്ല. ദൈവശ്വാസിയ എഴുത്തുകാർ എഴുതിയതെല്ലാം പുതിയനിയമത്തിൽ ഉൾപ്പെട്ടിരിക്കണമെന്നില്ല (കൊലൊസ്യർ 4:16); എന്നാൽ നമുക്കാവശ്യമുള്ളതെല്ലാം അതിലുണ്ട്. [5]ഈ രണ്ടു വാക്യങ്ങളും *മൂന്നാമത്തെ*

യാത്രയെ പരാമർശിക്കുന്നു. കൊരിന്തിൽ നിന്നു രണ്ടാം യാത്രയുടെ അവസാനം വിട്ടു പോയതിനും മൂന്നാം യാത്രയുടെ അവസാനം വിട്ടു പോയതിനും ഇടക്ക് വീണ്ടും ഒരു സന്ദർശനം നടത്തി എന്ന് സൂചിപ്പിക്കുന്നു. അതു പൗലൊസ് എഫെസൊസിൽ താമസിച്ചു പ്രവർത്തിച്ചപ്പോൾ ആയിരിക്കാം. [6]പൗലൊസിനു കടുത്ത രോഗം ബാധിച്ചേക്കാം. [7]ഇതു "വന്യമൃഗങ്ങൾ" എന്നു വ്യംഗ്യാലങ്കാര പ്രയോഗം നടത്തിയതാണ്, മനുഷ്യർ മൃഗത്തെപ്പോലെ പ്രവർത്തിപ്പിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്. ഒരു റോമൻ പൗരനായ, പൗലൊസിനു നിയമപരമായി വന്യമൃഗങ്ങളോടു പോരാടുവാൻ പാടില്ലായിരുന്നു. [8]പൗലൊസ് റോമാ ലേഖനം എഴുതിയപ്പോൾ, രണ്ടു പട്ടണങ്ങളിൽ അവൻ അക്വിലാസിനോടും പ്രിസ്കില്ലയോടും കൂടെ പ്രവർത്തിച്ചിരിക്കണം. കൊരിന്തും എഫെസൊസും. കൊരിന്തിൽ, അക്വിലാസും പ്രിസ്കില്ലയും അവരുടെ ജീവൻ പൗലൊസിനുവേണ്ടി വെച്ചുകൊടുത്തതായി തെളിവില്ലാത്തതിനാൽ അതു സംഭവിച്ചത് എഫെസൊസിൽ ആയിരിക്കാം. [9]ചിലർ വിശ്വസിക്കുന്നത് രംഗസ്ഥലത്തെ (19:23-41) ഉദ്ദേശിച്ചാണ് പൗലൊസ് "വന്യമൃഗങ്ങളോട് പോരാടി" എന്നു പറഞ്ഞതെന്നാണ്, പക്ഷേ രംഗസ്ഥല സംഭവത്തിനു മുൻപു തന്നെ 1 കൊരിന്ത്യർ എഴുതിക്കഴിഞ്ഞിരുന്നു എന്നു തീർച്ചയാണ്. കൂടാതെ, ആ കലഹസമയത്ത് പൗലൊസ് അവിടെ പോയതുമില്ല (വാക്യങ്ങൾ 30, 31). അതുകൊണ്ട് അവൻ അവിടെ ആരോടും "പോരാടിയില്ല." ലൂക്കൊസ് പറയാത്ത മറ്റൊരു സംഭവം നടന്നിരിക്കാം. [10]"ആയിരിക്കണം" എന്ന വാക്കു അർത്ഥമാക്കുന്നത് ഈ പദ്ധതികളിൽ പൗലൊസ് എത്ര ഗൗരവമുള്ളവനായിരുന്നു എന്നാണ്; കാര്യങ്ങൾ തിരഞ്ഞെടുക്കാവുന്നതായിട്ടല്ല അവൻ കരുതിയത്.

[11]അതുകൊണ്ട് എൻ.കെ.ജെ.വി യിൽ "മനസ്സിൽ ഉറച്ചു" എന്നാണ്. [12]താൻ സ്ഥാപിച്ച സഭകളെ വീണ്ടും സന്ദർശിക്കുക എന്നതു പൗലൊസിന്റെ പരിശീലനം ആയിരുന്നു (14:22, 23; 15:36, 41; 18:23). നമുക്ക് അറിയാവുന്നേടത്തോളം, ഇപ്പോൾ വരെ, കൊരിന്ത് ഒഴിച്ച്, രണ്ടാമത്തെ യാത്രയിൽ കൊരിന്ത് ഒഴിച്ച് മറ്റെവിടെയും സഭകളെ വീണ്ടും സന്ദർഷിച്ചതായി കാണുന്നില്ല. [13]റോമിൽ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റിയ ശേഷം പൗലൊസ് സാമ്രാജ്യത്തിന്റെ പടിഞ്ഞാറുള്ള - സ്പെയിനിലേക്കു പോകാൻ തീരുമാനിച്ചു (റോമർ 15:22-24). (പൗലൊസിനു റോം സന്ദർശിക്കാൻ വേറൊരു കാരണം കൂടെ ഉണ്ടായിരുന്നു അവിടെയുള്ള ക്രിസ്ത്യാനികളെ ഉറപ്പിക്കുക എന്നതായിരുന്നു അത് [റോമർ 1:11].) [14]സന്ദേശ വാഹകർ വരുന്നതും, ലേഖനം എത്തിക്കുന്നതും, "ക്ലോവയുടെ ആളുകളാൽ" വിവരം ലഭിക്കുന്നതും മൂന്നു വെവ്വേറെയുള്ള സംഭവങ്ങൾ ആയിരുന്നു. ലളിതമായ വിലയിരുത്തൽ എന്തെന്നാൽ ക്ലോവ (അവൾ ആരായിരുന്നാലും) സഭയിൽ നിന്നു ലേഖനവും വിവരവും എത്തിച്ചു. [15]പള്ളി പ്രമാണിയായിരുന്ന ഒരു സോസ്തെനോസിനെപ്പറ്റി നാം വായിക്കുന്നുണ്ട് (18:17). ഈ രണ്ടു സോസ്തനോസും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന്, നമുക്ക് അറിഞ്ഞുകൂടാ. [16]ഒന്നു കൊരിന്ത്യർ 16:21 സൂചിപ്പിക്കുന്നത്, പൗലൊസ് സ്വയമായിട്ടല്ല ലേഖനം മുഴുവൻ എഴുതിയത് എന്നാണ് പൗലൊസിന്റെ സഹ എഴുത്തുകാരന് പൗലൊസ് പറഞ്ഞുകൊടുത്ത് എഴുതിച്ചതാകാം (ഉദാഹരണമായി, 1 കൊരിന്ത്യർ 1:1, 2). [17]ഒരു പക്ഷേ അവർ പൗലൊസിന്റെ സന്ദർശനത്തിന് വേണ്ട ഒരുക്കം നടത്തിയിരിക്കാം, കൂടാതെ യെരുശലേമിനു വേണ്ട ധർമ്മ ശേഖര പ്രവൃത്തിയും ചെയ്തിരിക്കാം. [18]ഒരു പക്ഷേ എരസ്തോസ് കൊരിന്തിലെ "പട്ടണ ഭണ്ഡാര വിചാരകൻ" റോമർ 16:23-ൽ പറഞ്ഞശേഷം (കൂടാതെ 2 തിമൊഥെയൊസ് 4:20). അങ്ങനെയെങ്കിൽ എരസ്തോസിനെ അയക്കുന്ന കാര്യം കൊരിന്ത്യയോട് പറയാതിരിക്കാനുള്ള കാരണം അതായിരിക്കും; അതായത്, വെറുതെ പറയുന്നു "വീട്ടിലേക്കു പോയി." [19]തുടർച്ചയായി നടന്ന മറ്റു സംഭവങ്ങൾക്കും സാദ്ധ്യതയുണ്ട്. ഉദാഹരണമായി, പൗലൊസ് തിമൊഥെയൊസിനോട് ലേഖനവുമായി കൊരിന്തിലേക്കു പോകുവാൻ ആവശ്യപ്പെട്ടിരിക്കാം. പിന്നെ തിമൊഥെയൊസിന്റെ സന്ദർശനത്തിന്റെ പിന്തുടർച്ചയായി തിത്തൊസിനെ അയക്കുവാനും, പിന്നെ തിമൊഥെയൊസിനേയും എരസ്തൊസിനെയും മക്കെദൊന്യയിലേക്കു പോകുവാനും പറഞ്ഞിരിക്കും (മുൻപു പറഞ്ഞതു പോലെ, എന്തുകൊണ്ടോ തിത്തൊസിന്റെ

പ്രവൃത്തികളിൽ ലൂക്കൊസ് പറഞ്ഞിട്ടില്ല. അവന്റെ നീക്കം മനസ്സിലാക്കാൻ നമുക്കു മറ്റു ഉറവിടങ്ങൾ കണ്ടെത്തേണ്ടതുണ്ട്). [20]പൗലൊസ് എഫെസൊസ് വിട്ടുപോകാൻ തീരു മാനിച്ചു കഴിഞ്ഞെങ്കിലും, അതിനുമുൻപ് കൊരിന്ത്യ സഭയെക്കുറിച്ച് തിത്തൊസിൽ നിന്നു വിവരങ്ങൾ ലഭിക്കുവാൻ അവൻ കാത്തിരുന്നു (2 കൊരിന്ത്യർ 2:12, 13). എന്നാൽ കലഹം അവനെ പെട്ടെന്ന് പോകുവാൻ നിർബ്ബന്ധിതനാക്കി.

[21]ചിലർ ഊഹിച്ചിരിക്കുന്നത്, ഈ കുഴപ്പം അർത്തെമീസിന്റെ വാർഷികഘോഷ സമയത്തായിരുന്നു നടന്നത് എന്നാണ്, അതു ഏതാണ്ട് പെന്തെക്കൊസ്തു ആഘോഷി ക്കുന്ന അതേ സമയത്താണ് വരുന്നത് (1 കൊരിന്ത്യർ 16:8, 9 നോക്കുക). [22]ക്രിസ്ത്യാനി ത്വത്തെ ലൂക്കൊസ് പറയുവാനിഷ്ടപ്പെടുന്ന പ്രയോഗമാണ് "ദ വെ" എന്നത് (9:2; 19:9, 23; 22:4; 24:14, 22). [23]മറ്റൊരു ദെമെത്രിയോസിനെ പറ്റി 3 യോഹന്നാൻ 12-ൽ പറയുന്നു; ഈ രണ്ടു പേരും ഒന്നായിരിക്കാൻ സാധ്യതയില്ല. [24]വെള്ളി കൊണ്ടുണ്ടാക്കിയ അർത്തെ മിസ് ക്ഷേത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്, എന്നാൽ ടെറ്റാ - കോട്ടാ ക്ഷേത്രങ്ങളുണ്ട്. അർത്തെ മീസിനെ ആരാധിക്കുന്നതു കുറഞ്ഞു വന്നപ്പോൾ ക്ഷേത്രങ്ങൾ ഉരുക്കുകയും വെള്ളി മാത്രം അവശേഷിക്കുകയും ചെയ്തു എന്നാണ് ഞാൻ കരുതുന്നത്. [25]അർത്തെമീസിനെ നമസ്ക്കരിച്ചിരുന്ന മുപ്പതു വ്യത്യസ്ത സ്ഥലങ്ങൾ കണ്ടെടുത്തിട്ടുണ്ട്. തുർക്കിയിലെ സർദീസിലെ നാശാവശിഷ്ടങ്ങൾ ഞാൻ സന്ദർശിച്ചപ്പോൾ, അർത്തെമിസിനായി പ്രതി ഷ്ഠിച്ചിരുന്ന വലിയ ക്ഷേത്രങ്ങളുടെ അവശേഷിച്ച ഭാഗങ്ങൾ ഞാൻ കണ്ടു. [26]ഒരേ പോലെ തോന്നിക്കുന്ന രീതിയിൽ ഉൽക്കാശിലയെ രൂപഭംഗി വരുത്തുമ്പോൾ വൈദഗ്ദ്ധ്യമുള്ള കലാകാരന്മാർ ചെയ്തതാകാനും സാദ്ധ്യതയുണ്ട്. [27]പാർഥെനോനിന്റെ നാലിരട്ടി വലുപ്പം അതിനുണ്ടായിരുന്നു. [28]സ്മാരകഗ്രന്ഥത്തിനു പകരം കേൾവിക്കാർക്കു സുപരിചിതമാ യതു ആകാം. [29]ഇതു ഏഷ്യാ വൻകരയല്ല, മറിച്ച് ആസ്യയുടെ റോമൻ പ്രദേശമാണ്. [30]ദെമെത്രിയൊസ് കുഴപ്പത്തിലായത് എങ്ങനെ എന്ന് പ്രാദേശിക ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. അമേരിക്കയിലും മറ്റു രാജ്യങ്ങളിലും ഉള്ള ചില വ്യാപാരികൾ ക്രിസ്തു മസ് കാലയളവിൽ സാധനങ്ങൾ വാങ്ങി വിറ്റ് ഒരു വർഷത്തേക്കു വേണ്ട ലാഭമുണ്ടാക്കും. ക്രിസ്തുമസ് നിയമ വിരുദ്ധമാക്കിയാൽ ഇവരുടെ പ്രതികരണം ഒരാൾക്കു ഊഹിക്കാ വുന്നതേയുള്ളു.

[31]പ്ലിനി ദയങ്ങർ (ഏ.ഡി. സി 61-സി 112) ഒരു റോമൻ ഏ.ഡി. 100-ൽ നാടുവാഴി യായി സേവനം അനുഷ്ടിച്ച വ്യക്തിയായിരുന്നു. പിന്നീട്, ബിഥിന്യയിലെ നാടു വാഴി യായപ്പോൾ, ട്രാജൻ ചക്രവർത്തിയുമായി ക്രിസ്ത്യാനികളോട് ഈ പ്രദേശത്തുള്ളവരോട് എങ്ങനെ ഇടപെടണമെന്ന് ചോദിക്കയുണ്ടായി. [32]"മക്കെദൊന്യയിൽ നിന്നുള്ള" ഈ ഗായോസ് ആരായിരുന്നു എന്ന് നമുക്ക് അറിഞ്ഞുകൂടാ. പുതിയ നിയമത്തിൽ പല ഗായോസുമാരെപ്പറ്റി പറയുന്നുണ്ട് (പ്രവൃത്തികൾ 20:4; റോമർ 16:23; 1 കൊരിന്ത്യർ 1:14; 3 യോഹന്നാൻ 1). ചിലർ വിചാരിക്കുന്നത് പ്രവൃത്തികൾ 20:4 ൽ പറയുന്ന ഗായോസ് ആണ് 19:29-ൽ പറയുന്ന ഗായൊസ് എന്നാണ്; വെസ്റ്റേൺ ടെക്സ്റ്റ് സൂചിപ്പിക്കുന്നത് പ്രവൃത്തികൾ 20:4 ലെ ഗായൊസ് ദോബെറസിൽ (മക്കെദൊന്യയിലെ ഒരു ടൗൺ) നിന്നു ള്ളവൻ ആയിരുന്നു അല്ലാതെ ദെർബ്ബെയിൽ നിന്നുള്ളവനല്ല എന്നു പറയുന്നു. [33]അരി സ്തർഹൊസ് മക്കെദൊന്യയുടെ തലസ്ഥാനമായ, തെസ്സലൊനിക്യക്കാരനായിരുന്നു (പ്രവൃത്തികൾ 20:4). അവൻ പൗലൊസിനോടുകൂടെ യെരുശലേമിലേക്കു പോയിരു ന്നു, പിന്നെ അവനോടൊപ്പം റോമിലേക്കു പോയിരുന്നു (പ്രവൃത്തികൾ 27:2). റോമിൽ നിന്നു പൗലൊസ് എഴുതിയപ്പോൾ, അവൻ അരിസ്തർഹൊസിനെക്കുറിച്ചു പറഞ്ഞത് "സഹബദ്ധൻ" എന്നാണ് (കൊലൊസ്യർ 4:10; കൂടാതെ ഫിലേമോൻ 24). [34]19:29 നു മുൻപു പൗലൊസിന്റെ "കൂട്ടുയാത്രക്കാർ" എപ്പോൾ, എന്തുകൊണ്ട്, എവിടെയായിരുന്നു എന്ന് നമുക്ക് അറിഞ്ഞുകൂടാ. [35]അമേരിക്കയിൽ, ഒരു ഇൻഷുറൻസ് സെയിൽസ്മാനെ "പുവർ റിസ്ക്സ്" എന്നു വിളിക്കാറുണ്ട്. [36]"അസംബ്ലി" എന്നത് ഇവിടെ നല്ലൊരു തർജ്ജിമ ആയിരിക്കയില്ല. ഇവിടെ തർജ്ജിമ ചെയ്തതു ഗ്രീക്കുവാക്കായ *എക്ലേസിയ* അല്ല (വാക്യം 32 നോക്കുക), എന്നാൽ *ഡെമോസ്*, എന്നതിന്റെ അർത്ഥം "പ്യൂപ്പിൾ"

എന്നാണ്. മറ്റു ഭാഗത്ത്, ഇതു ആളുകളുടെ ആലോചന യോഗത്തെ സൂചിപ്പിക്കുന്നു (ഈ പുസ്തകത്തിലെ 17:5 ന്റെ നോട്ടുകൾ നോക്കുക); ഒരു പക്ഷേ ഇവിടെ പറഞ്ഞത് സൂചിപ്പിക്കുന്നത് പൗലൊസ് വിചാരിച്ചത് ആ സംഘം ആലോചന സംഘമായതുകൊണ്ട് തനിക്കു കാരണം ബോധിപ്പിക്കാൻ കഴിയുമെന്നാണ്. [37]പുരാവസ്തുഗവേഷകന്മാർ, ലൂക്കൊസിന്റെ പദ പ്രയോഗം ശരിയാണെന്നു ഉറപ്പാക്കിയിട്ടുണ്ട്. [38]*ബാഗ്സ്റ്റേഴ്സ് അന ലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (1972), എസ്. വി. "ആസിയാർക്സ്." [39]ഈ ഉയർന്ന ഉദ്യോഗസ്ഥർ ക്രിസ്ത്യാനിത്വത്തോട് ദയവുണ്ടായിരുന്നു വെന്നതു ലൂക്കൊസ് തെളി യിക്കുന്നത് ക്രിസ്ത്യാനിത്വം സമൂഹത്തിന് ഒരു ഭീഷണി ആയിരുന്നില്ല എന്നാണ്. [40]ഈ വാക്യത്തിൽ, "അസംബ്ലി" എന്ന വാക്ക് *എക്ലേസ്യ* എന്ന വാക്കിന്റെ തർജ്ജിമയാണ്, സാധാരണ ആ വാക്ക് "ചർച്ച്" എന്നാണ് തർജ്ജിമ ചെയ്യുന്നത്. വാക്യങ്ങൾ 32, 39 ലും, 41 ലും *എക്ലേസ്യ* ഉപയോഗിച്ചിരിക്കുന്നത് മതപരമല്ലാത്ത അർത്ഥത്തിലാണ് പ്രവൃ ത്തികൾ 1-ാം ലക്കം ശബ്ദസംഗ്രഹത്തിൽ സഭ എന്ന വാക്ക് നോക്കുക.

[41]ക്രിസ്ത്യാനിത്വത്തെ എതിർത്തിരുന്നത് മിക്കതും അജ്ഞതകൊണ്ടല്ലായിരുന്നു. [42]2 തിമൊഥെയൊസ് 4:14 ലെ അലെക്സന്തരാണ് 1 തിമൊഥെയൊസ് 1:20 ലേതു എന്ന് ഊഹിച്ച്, പൗലൊസ് പറഞ്ഞ അലെക്സന്തർ ക്രിസ്ത്യാനിയായി തീരുകയും, പിന്നെ വീണു പോകുകയും ചെയ്തു. ലൂക്കൊസ് അവന്റെ പേർ പറയാൻ കാരണം വായന ക്കാർക്ക് പരിചയമുണ്ടായിരുന്നു. പൗലൊസ് 1 തിമൊഥെയൊസ് എഴുതുമ്പോൾ (1:3), തിമൊഥെയൊസ് എഫെസൊസിലായിരുന്നു, ഈ അലെക്സന്തർ എഫെസൊസുകാ രൻ ആയിരുന്നേക്കാം. [43]വിഗ്രഹാരാധനയെക്കുറിച്ച് എഫെസൊസിലെ യെഹൂദന്മാർക്കു "ജീവിക്കുക, മറ്റുള്ളവരെ ജീവിപ്പിക്കുക" എന്ന തത്വമായിരുന്നു ഉണ്ടായിരുന്നത്. ആ തത്വം ദൈവം ഒരിക്കലും അംഗീകരിച്ചിരുന്നില്ല. [44]ജോസെഫസ് പറഞ്ഞതനുസരിച്ചു, എഫെസ്യ പൗരന്മാർ യെഹൂദന്മാരെ നിയോഗിച്ചിരുന്നു. അവർ ഒരുപക്ഷേ അലെക്സ ന്തരെ, അവൻ യെഹൂദനെന്ന് അവന്റെ കാഴ്ചയാലോ/വസ്ത്രധാരണത്താലോ തിരിച്ച റിഞ്ഞിരിക്കാം. [45]എഫെസൊസിൽ കൂടെ സന്ദർശകസംഘത്തോടൊപ്പം ഞാൻ യാത്ര ചെയ്തപ്പോൾ സന്ദർശക സഹായി കാണിച്ചുതന്ന സ്ഥലങ്ങൾ ശരിയായിരുന്നുവെന്നു ഞാൻ കരുതുന്നു. [46]ഒരിക്കൽ കൂടെ, പുരാവസ്തു ഗവേഷണക്കാർ ലൂക്കൊസിന്റെ പദ പ്രയോഗം ശരിവെച്ചിരിക്കുന്നു. [47]ലൂയിസ് ഫോസ്റ്റർ, നോട്ട്സ് ഓൺ ആക്ട്സ്, *ദ എൻ ഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർ വാൻ പബ്ലിഷിംഗ് ഹൗസ്, 1985), 1685. [48]"ഗാർഡിയൻ ഓഫ് ദ ടെമ്പിൾ" ഒറ്റ ഗ്രീക്കുവാക്കാണ് തർജ്ജിമ ചെയ്തിരിക്കുന്നത്, അർത്ഥം "ടെമ്പിൾ - സ്വീപ്പെർ" (അതായത്, ക്ഷേത്രത്തെ സൂക്ഷ ിക്കുന്നയാൾ) ഒരു "ക്ഷേത്രം - സൂക്ഷിപ്പുകാരനെ" പട്ടണങ്ങൾ ആദരിച്ചിരുന്നു. [49]ഇതു നിരന്തരം ആലോചനക്കു കൂടിവന്ന പ്രാദേശിക കൗൺസിലിനെ സൂചിപ്പിക്കുന്നു. [50]ഇതു പ്രാദേശിക അധികാരിയെ സൂചിപ്പിക്കുന്നു. ആസ്യയിൽ ഒരു നാടുവാഴി മാത്രം ഉണ്ടെ ങ്കിൽ, ബഹുവചനരൂപത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നതു ഒരു മർമ്മമാണ്. ഒരു പക്ഷേ ആ വാക്ക് പൊതുവായി ആ പ്രദേശത്തെ അധികാരികളെ ഉപയോഗിച്ചിരിക്കു ന്നതു ഒരു മർമ്മമാണ്. ചിലർ വിചാരിക്കുന്നതു ഈ പ്രക്ഷുബ്ധമായ കാലയളവിൽ ഒന്നിലധികം പേർ നാടുവാഴികളായി അവകാശപ്പെട്ടിരുന്നു എന്നാണ്.

[51]ഈ "നിയമപരമായ സംഘം" "നിരന്തരമായ ആളുകളുടെ ടൗൺ മീറ്റിംഗ്" ആയി രുന്നു (എൻ.സി.വി). [52]ഈ പ്രസ്താവനയിൽ, ഞാൻ വിചാരിക്കുന്നതു രണ്ടു ഗായോസും ഒരാൾ തന്നയാണെന്നാണ്, വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നു വരുന്നതായി ലൂക്കൊസ് പറയുന്നുവെങ്കിലും ആൾ ഒന്നുതന്നെ. [53]"സ്മാർട്ട്" എന്നതു ക്രിയയായിട്ടാണ് ഉപയോ ഗിച്ചത്, അതിന് "മാനസികസംഘർഷത്താൽ കഠിനമായി കഷ്ടതയേൽക്കുക" എന്നും അർത്ഥമുണ്ട്.